**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** | **23-08-2022 - ൽ മറുപടിയ്ക്ക്**

**പോഷക ബാല്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ , ശ്രീ സി കെ ഹരീന്ദ്രൻ, ശ്രീമതി കാനത്തിൽ ജമീല, ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിശപ്പുരഹിത ബാല്യം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പോഷക ബാല്യം പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | (എ) കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി സംസ്ഥാന സർക്കാർ മുട്ടയും, പാലും പദ്ധതി പ്രഖ്യാപിക്കുകയും, അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 61കോടി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.<br><br>അങ്കണവാടിയിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് മുട്ട വിതരണം ചെയ്യുന്നതിന് 30/05/2022ലെ സ.ഉ(സാധാ)നം. 288/2022/വ.ശി.വി.വ പ്രകാരം 30,00,00,000/- (മുപ്പത് കോടി രൂപ മാത്രം) രൂപയും, പാൽ വിതരണം ചെയ്യുന്നതിന് 30/05/2022ലെ സ.ഉ(സാധാ)നം. 289/2022/വ.ശി.വി.വ പ്രകാരം 31,50,00,000/- (മുപ്പത്തി ഒന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6150.00 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 50/- രൂപയും ഒരു മുട്ടയ്ക്ക് 6/- രൂപയുമാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.<br><br>ഒരു കുട്ടിയ്ക്ക് ഒരു ദിവസം ഒരു ഗ്ലാസ്സ് വീതം (125 ml), ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീ രണ്ട് ദിവസങ്ങളിൽ പാലും, ചൊവ്വ, വെള്ളി എന്നീ |

| | | | |
|---|---|---|---|
| | | | ദിവസങ്ങളിൽ 1 വീതം മുട്ടയും നൽകി വരുന്നു. അങ്കണവാടിയിലെ മൂന്നു വയസ്സ് മുതൽ ആറ് വയസ്സ് വരെയുള്ള ഏകദേശം 4 ലക്ഷം പ്രീ-സ്കൂൾ കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.<br><br>"പോഷക ബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടിക്കരുത്ത്" എന്ന ഈ പദ്ധതി വനിത ശിശു വികസന വകുപ്പിലെ 33115 അങ്കണവാടികളിലൂടെയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, 'മിൽമ' എന്നിവരുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കെതിരെ വന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച യഥാർത്ഥ വസ്തുത വെളിപ്പെടുത്താമോ; | (ബി) | (ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. വസ്തുത ചുവടെ ചേർക്കുന്നു.<br><br>ശിശു വികസനം മുൻ നിർത്തിയുള്ള രാജ്യത്തെ ബൃഹത്തും സമാനതകളില്ലാത്തതുമായ പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. കുഞ്ഞുങ്ങളുടെ ബൗദ്ധികവും വൈകാരികവും, സാമൂഹികവും, ആരോഗ്യപരവുമായ വികാസത്തിന് ഊന്നൽ നൽകി ICDS പദ്ധതിയിൻ കീഴിലുള്ള അങ്കണവാടി കേന്ദ്രങ്ങൾ വഴി നൽകി വരുന്ന ആറ് സേവനങ്ങളിൽ ഒരു പ്രധാന സേവനമാണ് അനുപൂരക പോഷകാഹാര പദ്ധതി. ഈ പദ്ധതി പ്രകാരം, 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാരം നൽകി വരുന്നു.<br><br>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>എന്നാൽ പോഷകബാല്യം പദ്ധതി, കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിനും, വേണ്ടി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മുട്ടയും, പാലും പദ്ധതി സംസ്ഥാന പ്ളാനിംഗ് ബോർഡ് അനുമതിയോടെ വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന നൂതന സംസ്ഥാന പദ്ധതിയാണ്. വനിത ശിശു വികസന വകുപ്പിന് കീഴിൽ അങ്കണവാടികളിലെ 3 നും 6 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും 2 ദിവസം മുട്ടയും നല്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി 2022-23 സംസ്ഥാന ബഡ്ജറ്റിൽ 61.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പൂർണ്ണമായും സംസ്ഥാന |

| | | | |
|---|---|---|---|
| | | | ഫണ്ട് മാത്രം വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്. കേന്ദ്ര സർക്കാർ അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം അനുവദിച്ച കേന്ദ്ര വിഹിതം ഉപയോഗിച്ചാണ് പോഷകബാല്യം പദ്ധതി നടപ്പിലാക്കുന്നത് എന്ന് നവ മാധ്യമങ്ങൾ വഴി തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്, എന്നാൽ "പോഷകബാല്യം - കുട്ടിക്കുരുന്നുകൾക്ക് ഇരട്ടി കരുത്ത്" എന്ന സംസ്ഥാന പദ്ധതി 2022-23 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കുന്നത്. 2022-23 സാമ്പത്തിക വർഷം അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ആവശ്യമായ കേന്ദ്ര വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. കൂടാതെ കേന്ദ്ര പദ്ധതികൾ എല്ലാം SINGLE NODAL AGENCY(SNA) അക്കൗണ്ട് വഴിയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ കേന്ദ്ര പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. ടി അക്കൗണ്ടുകൾ വഴി മാത്രമേ കേന്ദ്ര പദ്ധതികളുടെ ഫണ്ട് കൈമാറ്റം സാധ്യമാകൂ. എന്നാൽ പോഷകബാല്യം പദ്ധതി നടപ്പിലാക്കുന്നത് 2235-02-102-22-00-34-03(PV) എന്ന ശീർഷകം വഴിയാണ്. ഇതിലൂടെ ജില്ലാ ഓഫീസർമാർക്ക് ഫണ്ട് അലോട്ട്മെന്റ് നൽകുകയും, ജില്ലാ ഓഫീസർമാർ, CDPO മാർക്ക് അലോട്ട്മെന്റായി ഫണ്ട് കൈമാറുകയും ചെയ്യുന്നു. നിലവിൽ 17,46,14,000/- രൂപ ജില്ലാ ഓഫീസർമാർക്ക് ആദ്യ അഞ്ച് മാസത്തേയ്ക്കുള്ള തുക അലോട്ടമെന്റ് നൽകിയിട്ടുണ്ട്. ടി കാരണത്താൽ തന്നെ പോഷകബാല്യം പദ്ധതി പൂർണ്ണമായും സംസ്ഥാന പദ്ധതിയാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും പാലും മുട്ടയും നൽകുന്നതിന് സാധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | (സി) 01.08.2022 ന് പോഷക ബാല്യം പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടന വേളയിൽ ബഹു മുഖ്യമന്ത്രി അങ്കണവാടിയിലെ മുഴുവൻ കുട്ടികൾക്കും ആഴ്ചയിലെ എല്ലാ പ്രവർത്തി ദിവസവും പാലും മുട്ടയും നൽകുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുട്ട വിതരണത്തിന് അധികമായി 18,00,00,000/- (പതിനെട്ട് കോടി) രൂപയും പാൽ വിതരണത്തിന് അധികമായി 18,50,00,000/- (പതിനെട്ട് കോടി അമ്പത് ലക്ഷം) രൂപയും ചേർത്ത് ആകെ 36,50,00,000/-(മുപ്പത്തി ആറ് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപ അധികമായി ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ